തലമുറകളെ തേടി

ആൻഡ്രൂ പാപ്പച്ചൻ

കോട്ടയം ജില്ലയിലെ കൊല്ലാട് പനന്താനത്ത് കുടുംബത്തിൽ 1948ൽ ജനിച്ചു. പിതാവ്: കോര ആൻഡ്രൂസ്. മാതാവ് - ലൂസി ആൻഡ്രൂസ്. കെമിസ്ട്രിയിൽ മാസ്റ്റർ ബിരുദമെടുത്തശേഷം 1973ൽ 25-ാം വയസിൽ അമേരിക്കയിലേക്ക് കുടിയേറി. ന്യൂജേഴ്സിയിലെ സ്റ്റീവൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് എൻവയൺമെന്റൽ എൻജിനീയറിംഗിൽ മാസ്റ്റർ ബിരുദമെടുത്തു. ന്യൂജേഴ്സി സ്റ്റേറ്റിൽ സെർട്ടിഫൈഡ് പബ്ലിക് മാനേജരായും പ്രവർത്തിച്ചു. നുവാർക്ക് വാട്ടർഷെഡ് കൺസർവേഷൻ ആൻഡ് ഡവലപ്മെന്റ് കോർപറേഷൻ ഡയറക്ടറാണ്. അജ്ജങ്കറ്റ് പ്രൊഫസറായും സേവനമനുഷ്ഠിക്കുന്നു.

കഴിഞ്ഞ 35 വർഷത്തെ സാമൂഹ്യ, രാഷ്ട്രീയ, സാമുദായിക പ്രവർത്തനങ്ങൾ കൊണ്ട് അമേരിക്കയിലെ മലയാളി, ഇന്ത്യൻ, ഏഷ്യൻ, അമേരിക്കൻ സമൂഹങ്ങൾക്കിടയിൽ സുപരിചിതനാണിദ്ദേഹം. ആദ്യകാല കുടിയേറ്റക്കാരിലൊരാളെന്ന നിലയിൽ അമേരിക്കൻ മലയാളികൾക്കിടയിൽ സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ, മതപരമായ അസോസിയേഷനുകൾ രൂപീകരിക്കുന്നതിലും നേതൃത്വം നൽകുന്നതിലും ശ്രദ്ധേയ പങ്കുവഹിച്ചു. കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി, കേരള സെന്റർ ന്യൂയോർക്ക്, ഇന്ത്യൻ ഓർഗനൈസേഷൻസ് ഒഫ് ന്യൂജേഴ്സി, ഏഷ്യൻ അമേരിക്കൻ രാഷ്ട്രീയ സഖ്യം, ഏഷ്യൻ അമേരിക്കൻ ഹെറിറ്റേജ് കൗൺസിൽ ഓഫ് ന്യൂജേഴ്സി, മാർതോമാ ചർച്ച് ഓഫ് ന്യൂജേഴ്സി, ഫെഡറേഷൻ ഒഫ് കേരള അസോസിയേഷൻസ്, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയവ ഇദ്ദേഹം നേതൃത്വം വഹിച്ച സംഘടനകളിൽ പെടുന്നു. സാംസ്കാരിക സംഘടനയായ ന്യൂവാർക്ക് ഫെസ്റ്റിവൽ ഒഫ് പീപ്പിളിന്റെ പ്രസിഡന്റ്, ന്യൂജേഴ്സി ഗവർണറുടെ ആർട്സ് അഡ്വൈസറി കൗൺസിലംഗം, കൗണ്ടി ഡമോക്രാറ്റിക് കമ്മിറ്റിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. ഏഷ്യൻ അമേരിക്കൻ ഹെറിറ്റേജ് കൗൺസിൽ ഓഫ് ന്യൂജേഴ്സി പ്രസിഡന്റാണ്. കഴിഞ്ഞ ജൂൺ 1ന് നടന്ന ഏഷ്യൻ അമേരിക്കൻ പരേഡിൽ ഗ്രാൻഡ് മാർഷലായിരുന്നു.

പുസ്തകങ്ങൾ: ഓതേഴ്സ് ഹൗസ് പ്രസിദ്ധീകരിച്ച എ ജേണി ത്രൂ ജനറേഷൻസ് - ആത്മകഥ, സീക്രട്ട്സ് ഓഫ് പാഷൻ, ലവ് വിത് ദ ഗോസ്റ്റ്- നോവലുകൾ.

ഭാര്യ സോമിനി. മക്കൾ: സിമ്മി, കെവിൻ (നേപ്പാളിൽ നിന്നുള്ള കസ്റ്റം ഡിസൈനർ റഗ്സിന്റെ മാനുഫാക്ചററും സപ്ലയറുമായ ന്യൂയോർക്കിലെ NYINGZEMO യുടെ പാർട്ണറാണ് സിമ്മി). കെവിൻ ഫിനാൻഷ്യൽ രംഗത്ത് പ്രവർത്തിക്കുന്നു. ന്യൂജേഴ്സിയിലെ മോണ്ട്‌വിലെയിലാണ് താമസം.

തലമുറകളുടെ വിടവ്

കേരളത്തിൽ ജനിച്ചുവളർന്ന് 1973ൽ 25–ാം വയസിൽ അമേരിക്കയിൽ കുടിയേറിയയാളെന്ന നിലയിൽ എനിക്ക് ജീവിതത്തെ സംബന്ധിച്ച് വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ബാലാരിഷ്ടതകളുടെ നാളുകളിലാണ് എന്റെ ബാല്യവും കൗമാരവും.

ആയിരത്തിത്തൊള്ളായിരത്തി അമ്പത്, അറുപത് കാലഘട്ടത്തിൽ കോട്ടയത്തിനു സമീപം കൊല്ലാട് ഗ്രാമത്തിൽ പനന്താനത്ത് കുടുംബത്തിലെ അഞ്ചുമക്കളിലൊരാളായി പിറന്നു. പ്രയാസങ്ങളും വെല്ലുവിളികളും നേരിട്ടു വളർന്നു. ഇന്നത്തെ കാലത്തെ സൗകര്യങ്ങളില്ലായിരുന്നുവെങ്കിലും അന്നത്തെ ജീവിതം രസകരവും ആസ്വാദ്യകരവുമായിരുന്നു. കൂട്ടുകുടുംബങ്ങൾ സാധാരണമായിരുന്ന അന്നാളുകളിൽ അയൽക്കാരും സമുദായവും സാമൂഹ്യജീവിതത്തിന്റെ ഭാഗമായിരുന്നു. ഗ്രാമങ്ങളിലുള്ളവർക്ക് കണ്ടാലെങ്കിലും പരസ്പരം അറിയുമായിരുന്നു. ജനാധിപത്യ സമ്പ്രദായം കെട്ടിപ്പടുക്കുന്ന തിരക്കിലായിരുന്നു അന്ന് രാഷ്ട്രീയ നേതൃത്വം.

അമേരിക്കയിൽ വന്നതോടെ ജീവിത രീതി മാറി. കഴിഞ്ഞ 36 വർഷത്തിനിടെ ഇന്ത്യയും അമേരിക്കയും ലോകം മുഴുവനും വളരെ മാറിയിരിക്കുന്നു. ശാസ്ത്രീയ സാങ്കേതിക വളർച്ച വാർത്താവിനിമയ ബന്ധങ്ങളിലും ജീവിതരീതികളിലും ചിന്താരീതികളിലും പ്രകടമായ മാറ്റങ്ങളുണ്ടാക്കി. ഞാൻ ഇന്ത്യ വിടുമ്പോൾ ടെക്നോളജിയുടെയും വികസനത്തിന്റെയും കാര്യത്തിൽ ഇരുപത്തഞ്ച്, അമ്പതുവർഷം പിന്നിലായിരുന്നു നമ്മുടെ നാട്. ഇന്ന് ഇക്കാര്യത്തിൽ ഇന്ത്യ ലോകത്തു മുൻനിരയിലുണ്ട്.

എന്റെ വല്യപ്പച്ചൻമാരുടെയും മാതാപിതാക്കളുടെയും തലമുറയ്ക്കു ശേഷം നാട്ടിലെയും അമേരിക്കയിലെയും പുതിയ തലമുറകളുടെ സ്വഭാവത്തിലും ജീവിതരീതികളിലും കാണുന്ന പ്രകടമായ വ്യത്യാസം കാഴ്ചപ്പാടുകളുടെയും വീക്ഷണങ്ങളുടെയും അന്തരമാണ്. എന്റെ തലമുറയിലെ ഓരോരുത്തരിലും തലമുറകളുടെ ഈ വിടവ് അനുഭവപ്പെടുന്നുവെന്ന് കരുതുന്നു. ഇക്കാര്യം വരുംതലമുറയെ ബോധവാൻമാരാക്കാൻ ഒരു കഥയുണ്ടാക്കുകയായിരുന്നു ഞാൻ. ഈ കഥയിലെ കഥാപാത്രങ്ങൾ സാങ്കല്പികവും ചരിത്ര വിവരണങ്ങൾ യഥാർഥവുമാണ്.

ഓരോ തലമുറയും നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച് ലോകത്തെ അതിന്റെ പ്രത്യേകതകളോടെ പുതിയ തലമുറയിലേക്ക് പകരുന്നു. പുതിയ അറിവുകളും അനുഭവങ്ങളും കണ്ടുപിടിത്തങ്ങളുമായി ഒരു തലമുറ പിൻവാങ്ങുമ്പോൾ അടുത്ത തലമുറ അതിൽ നിന്നും ആശയങ്ങൾ സ്വീകരിച്ച് ഏറ്റവും പുതിയതിനെ സൃഷ്ടിച്ചെടുക്കുന്നു.

മനുഷ്യന്റെ വളർച്ചയിൽ ചരിത്രം എന്നും പ്രധാനമാണ്. ചരിത്രത്തെ നമുക്ക് മറക്കാനാവില്ല. ചരിത്രത്തിനൊപ്പം മുന്നേറാനാകണം നമുക്ക്. അത് നമ്മെ പിന്നോട്ട് നയിക്കരുത്. കഴിഞ്ഞതിനെക്കുറിച്ച് ഗൃഹാതുരത്വമുണ്ടാകുമ്പോൾ തന്നെ ഇന്നിന്റെ അനുഭവങ്ങളെ ആസ്വദിക്കാനാകണം. സയൻസിലും ടെക്നോളജിയിലുമുള്ള വികസനം മനുഷ്യന്റെ മുന്നോട്ടുള്ള വിചാരങ്ങളെയും നമ്മുടെ പരസ്പര ബന്ധങ്ങളെയും തടസപ്പെടുത്താൻ അനുവദിച്ചുകൂടാ. ജീവിതം ആസ്വദിക്കുക.

എന്റെ പ്രിയ മാതാപിതാക്കൾ കോര ആൻഡ്രൂസിനും ലൂസി ആൻഡ്രൂസിനും ഭാര്യ സോമിനി, മക്കൾ സിമ്മി, കെവിൻ എന്നിവർക്കും ഞാനീ പുസ്തകം സമർപ്പിക്കുന്നു

തലമുറകളെ തേടി

ആൻഡ്രൂ പാപ്പച്ചൻ

Transalater & writer - Silji J. Tom

Cover designer- N.G. Suresh kumar